"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലാ പഞ്ചായത്ത് - ജില്ലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കുന്ന ആരോഗ്യ പരിരക്ഷാ പദ്ധതിയായ 'സ്നേഹസ്പർശം' 2024-25ൽ നടപ്പാക്കിയതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1113/2025/LSGD തീയതി,തിരുവനന്തപുരം, 05-05-2025

---

പരാമർശം:-
1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 4.8
2. കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 14.02.2025-ലെ കത്തും, കോഴിക്കോട് ജില്ലാ ആസൂത്രണസമിതിയുടെ 16.08.2024-ലെ യോഗ തീരുമാനവും
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-ന് നടന്ന യോഗത്തിന്റെ തീരുമാനം 4.1

**ഉത്തരവ്**

കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2012 മുതൽ നടപ്പിലാക്കുന്ന ജീവകാരുണ്യ പദ്ധതിയാണ് സ്നേഹസ്പർശം കിഡ്നി പേഷ്യന്റ്സ് വെൽഫെയർ സൊസൈറ്റി. 2017-18 മുതൽ തുടർച്ചയായി സർക്കാർ അംഗീകാരത്തോടെ ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും വിഹിതം സ്വീകരിച്ചുകൊണ്ട് സൗജന്യ വൃക്കമാറ്റ ശസ്ത്രക്രിയ, വൃക്ക-കരൾ-മാനസിക-എയിഡ്സ് രോഗികൾക്ക് തുടർച്ചയായി ധനസഹായങ്ങൾ, സൗജന്യ മരുന്ന് വിതരണം, വൃക്ക/ജീവിതശൈലി രോഗ നിർണ്ണയം, ബോധവൽക്കരണം അടക്കമുള്ള വിവിധ സേവനങ്ങൾ ഈ പദ്ധതിയിലൂടെ നൽകി വരുന്നുണ്ട്. മാതൃകാപരമായ സ്നേഹസ്പർശം പദ്ധതി മികച്ച രീതിയിൽ തുടരുന്നതിന് സർക്കാർ ഇടപെടൽകൂടി വേണമെന്നതിനാൽ, ഓരോ വർഷവും സർക്കർ അംഗീകാരം നേടി വേണം പദ്ധതി നടപ്പാക്കാൻ എന്ന് പരാമർശം 1 പ്രകാരം ജില്ലാ പഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, മുൻവർഷം അംഗീകാരം നൽകിയ അതേരീതിയിൽ 2024-25 വർഷവും ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും വിഹിതം സ്വീകരിച്ച് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകണമെന്ന് കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. പരാമർശം 3 പ്രകാരം സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻ വർഷങ്ങളിലും കോഴിക്കോട് ജില്ലയിൽ മാതൃകാപരമായി നടപ്പാക്കി വരുന്ന പദ്ധതിയാണ് 'സ്നേഹസ്പർശം' എന്നതിനാൽ മുൻ വർഷങ്ങളിൽ നിർദ്ദേശിച്ചിരുന്നതു പോലെ താഴെപ്പറയുന്ന

നിബന്ധനകളോടെ ഫണ്ട് സ്വീകരിച്ച് പ്രോജക്ട് (പ്രോ.നം. 372/25) നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു. 2025-26 വർഷം ഈ പ്രോജക്ട് നടപ്പാക്കുന്നുണ്ടെങ്കിൽ വർഷാംരംഭത്തിൽ തന്നെ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകുന്നതിന് ജില്ലാ പഞ്ചായത്ത്/ ജില്ലാ ആസൂത്രണ സമിതി നടപടി സ്വീകരിക്കേണ്ടതാണ്.

- ജില്ലയിലെ തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷന്മാരുടെ യോഗം വിളിച്ച് ചേർത്ത് വേണം ഓരോ തദ്ദേശഭരണ സ്ഥാപനവും നൽകേണ്ട വിഹിതം സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത്.
- പദ്ധതി നിർവ്വഹണം ലോക്കൽ ഫണ്ട് ഓഡിറ്റിനും C&AG ഓഡിറ്റിനും ഒപ്പം ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റിനും വിധേയമാക്കണം.
- ഓരോ വർഷവും പ്രവർത്തന റിപ്പോർട്ട് സർക്കാരിനു നൽകണം. ഒപ്പം ഇവ ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും നൽകണം.
- മാർഗ്ഗരേഖ പ്രകാരമുള്ള വരുമാന പരിധി പാലിച്ച് വേണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.
- സംഭാവനയടക്കം മറ്റ് സ്രോതസ്സിലൂടെ പരമാവധി തുക കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്
2. കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. കോഴിക്കോട് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. മേയർ/ സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
5. കോഴിക്കോട് ജില്ലയിലെ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
8. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, കോഴിക്കോട്
9. ജില്ലാകളക്ടർ, കോഴിക്കോട്
10. ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്
11. ജോയിന്റ് ഡയറക്ടർ(തദ്ദേശസ്വയംഭരണ വകുപ്പ്), കോഴിക്കോട്
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. ഡയറക്ടർ ജനറൽ, കില
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
17. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
18. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
19. തദ്ദേശ സ്വയംഭരണ (ഡി.ഇ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 05-05-2025 11:34:25

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്